# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5704** — **18.11.2019 – ൽ മറുപടിക്ക്.**

റേഷൻ രംഗത്തെ ഓൺലൈൻ സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ**<br>**,, മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ സംബന്ധിച്ച അപേക്ഷകൾ എല്ലാം ഓൺലൈൻ സംവിധാനത്തിലൂടെയാണോ സ്വീകരിക്കുന്നത്; അറിയിക്കാമോ; | **(എ)** വിദ്യാഭ്യാസ സംബന്ധമായോ, ചികിത്സാ ആനുകൂല്യങ്ങൾക്കോ, മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയോ ഉള്ള അത്യാവശ്യ അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിലും ബാക്കിയുള്ള അപേക്ഷകൾ ഓൺലൈൻ (സിറ്റിസൺ ലോഗിൻ, അക്ഷയ) സംവിധാനത്തിലൂടെയും ആണ് നിലവിൽ സ്വീകരിക്കുന്നത്. |
| **(ബി)** നിലവിൽ റേഷൻ സംബന്ധമായ ഏതൊക്കെ അപേക്ഷകളാണ് ഓൺലൈൻ സംവിധാനത്തിലൂടെ നൽകേണ്ടതെന്നറിയിക്കാമോ; | **(ബി)** നിലവിൽ റേഷൻകാർഡ് സംബന്ധമായ എല്ലാ അപേക്ഷകളും ഓൺലൈൻ (സിറ്റിസൺ ലോഗിൻ, അക്ഷയ)സംവിധാനത്തിലൂടെ നൽകാവുന്നതാണ്. |
| **(സി)** ഇ-റേഷൻകാർഡ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്നറിയിക്കമോ; സംസ്ഥാനത്ത് ഇ-റേഷൻ കാർഡ് സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ; | **(സി)** കുടുംബാംഗങ്ങളുടെ പേരുൾപ്പെടെയുള്ള രണ്ടുപുറത്തും വിവരങ്ങളടങ്ങിയതും ഗുണഭോക്താവിന് നേരിട്ട് 'പ്രിന്റ് ഔട്ട്' എടുക്കാവുന്നതുമായ റേഷൻ കാർഡാണ് ഇ-റേഷൻ കാർഡ് എന്നുദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ഇ-റേഷൻ കാർഡ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളുടെ രൂപരേഖ തയ്യാറായി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | റേഷൻ കടകളിലെ ഇ-പോസ് മെഷീനുകളിലൂടെ മൈക്രോബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കാമോ; | (ഡി) | ബാങ്കുകളുമായി ചർച്ച നടത്തി, Fund Transfer, Withdrawal of fund, Balance enquiry, BSNL payment, KSEB bill payment, Data card recharge, Insurance policy payment തുടങ്ങിയ ബാങ്കിംഗ് സേവനങ്ങൾ നടപ്പാക്കുന്നതിന്റെ മുന്നോടിയായി തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | നോൺ-സബ്സിഡി വിഭാഗത്തിന് നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഭാഗത്തിന് നല്കുന്ന അരിവിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഇ) | ഓരോ കാർഡിനും അരിയും (കി.ഗ്രാമിന് 10.90 രൂപ നിരക്കിൽ) ഗോതമ്പ് സമ്പുഷ്ടീകരിച്ച് ആട്ടയാക്കി കി.ഗ്രാമിന് 17/- രൂപ നിരക്കിലും നൽകി വരുന്നു. നീക്കിയിരുപ്പിനനുസൃതമായി ഓരോ മാസവും അളവിൽ വ്യത്യാസം വരാവുന്നതാണ്. |
| (എഫ്) | റേഷൻ രംഗത്തെ മാറ്റങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ? | (എഫ്) | റേഷൻ രംഗത്തെ മാറ്റങ്ങളെപ്പറ്റി ദൃശ്യ പത്രമാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നിവ വഴി പ്രചരണം നൽകി പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**